## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4033</u> <u>25/06/2014-ൽ മറുപടിക്ക്</u>

## 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും

**ചോദ്യം**

**ശ്രീമതി കെ. എസ്. സലീഖ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലയിലും നടപ്പാക്കുമെന്ന ഈ സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | 108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇല്ല എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് 108 ആംബുലൻസിന്റെ സേവനം നിലവിലുള്ളത് എന്നും എത്ര ആംബുലൻസുകൾ വീതം സേവനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ ; | (ബി) | തിരുവനന്തപുരം ജില്ലയിലും. ആലപ്പുഴ ജില്ലയിലുമാണ് ഇപ്പോൾ '108' ആംബുലൻസുകളുടെ സേവനം ലഭ്യമായിട്ടുള്ളത്. തിരുവനന്തപുരത്ത് 25ഉം. ആലപ്പുഴയിൽ 18ഉം '108' ആംബുലൻസുകൾ സേവനം നടത്തുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 108 ആംബുലൻസിന്റെ സേവനം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത് ; അതിനുശേഷം ഏതൊക്കെ ഏജൻസികളെ ഏൽപ്പിക്കുകയുണ്ടായി ; വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സികിത്സ ഹെൽത്ത് കെയർ എന്ന കമ്പനിയാണ് ഓപ്പറേറ്റിംഗ് ഏജൻസിയായി ഉണ്ടായിരുന്നത്. അവരുടെ കാലാവധി 15.10.2011-ൽ അവസാനിക്കുകയും, പുതിയ ടെൻഡർ ക്ഷണിച്ചതിൽ നിന്നും ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന ഏജൻസിയെ ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിക്കുകയുമുണ്ടായി. |
| (ഡി) | ഈ സർക്കാർ വന്ന ശേഷം ഓരോ വർഷവും 2014 മാർച്ച് 31 വരെ ഇതിന്റെ പ്രവർത്തനത്തിനായി ആരോഗ്യ വകുപ്പ് എത്ര കോടി രൂപ മാറ്റി വച്ചിരുന്നു ; ആയതിൽ എത്ര കോടി രൂപ ചെലവാക്കി ; വ്യക്തമാക്കുമോ ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഇതേവരെ എത്ര പേരുടെ ജീവൻ 108 ആംബുലൻസ് സേവനം വഴി രക്ഷിച്ചു ; വിശദാംശം വ്യക്തമാക്കുമോ ; | (ഇ) | നാളിതുവരെ ഏകദേശം 1,22,127 ആളുകൾക്ക് '108' ആംബുലൻസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എല്ലാ ജില്ലയിലും ഇതിന്റെ സേവനം ലഭ്യമാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ? | (എഫ്) | '108' ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കു വാനായി 287 ബി. എൽ. എസ്. ആംബുലൻസുകളും. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതിയിലുൾ പ്പെടുത്തി 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും വാങ്ങി നടപ്പിലാക്കു ന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ